LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് വകുപ്പിന്റെ പദ്ധതികൾ

145 (1971) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബഡ്ജറ്റിൽ എക്സൈസ് വകുപ്പിന് കീഴിൽ നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റിൽ ഓരോ പദ്ധതിയ്ക്കും എത്ര തുക വകയിരുത്തിയിരുന്നുവെന്നും എത്ര തുക അനുവദിക്കപ്പെട്ടുവെന്നും ആയതിൽ എത്ര തുക ട്രഷറിയിൽനിന്നും പിൻവലിക്കപ്പെടാതെ അവശേഷിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ 2011-12 സാമ്പത്തികവർഷം പൂർത്തീകരിക്കുകയോ ലക്ഷ്യത്തിലെത്തുകയോ ചെയ്യാത്തവ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇവയിൽ ഏതെല്ലാം പദ്ധതികൾക്കായി എത്രവീതം തുക തുടർന്നുള്ള ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ഡി) ഇവയിൽ നാലവർഷത്തിന് ശേഷവും പൂർത്തീകരിക്കാൻ കഴിയാത്ത പദ്ധതികൾ ഏതെല്ലാം ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) 2011-12 കാലയളവിൽ എക്സൈസ് വകുപ്പിൽ "2039-00-800-99-എക്സൈസ് വകുപ്പിൽ മദ്യപരിശോധനാലാബുകൾ സ്ഥാപിക്കൽ" എന്ന പദ്ധതിക്ക് പ്ലാൻ ഫണ്ടിൽ ഒരു കോടി രൂപ ആദ്യമായി അനുവദിച്ചിരുന്നുവെങ്കിലും പുതിയ സർക്കാർ വന്നതിനുശേഷമുള്ള 2011-12-ലെതന്നെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ ടി ഫണ്ട് പിൻവലിച്ചിരുന്നു. ആയതിനാൽ 2011-12-ലെ ബഡ്ജറ്റിൽ എക്സൈസ് വകുപ്പിന് പദ്ധതികൾ ഇല്ലായിരുന്നു.

കെ.എസ്.ബി.സി. വില്പന നടത്തിയ വിദേശമദ്യം, ബിയർ, വൈൻ എന്നിവ സംബന്ധിച്ച വിവരം

146 (1972) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വില്പന നടത്തിയ വിദേശമദ്യം, ബിയർ, വൈൻ എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷം ഇതുവരെ കെ.എസ്.ബി.സി. വില്പന നടത്തിയ വിദേശമദ്യം, ബിയർ, വൈൻ എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ?